"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- അന്താരാഷ്ട്ര വനിത ദിനം 2026 മാർച്ച് 8-ന് സംസ്ഥാന തല പരിപാടി സംഘടിപ്പിച്ച വകയിൽ മാറി നൽകുവാൻ സാധിക്കാതിരുന്ന തുക 2026-27 സാമ്പത്തിക വർഷം മാറി നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.196/2026/WCDD തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം.408/2025/ഡബ്ള്യുസിഡിഡി തീയതി.23.09.2025.
2. വനിതശിശു വികസന ഡയറക്ടറുടെ 05.05.2026-ൽ DWCD/1970/2025-WEC1 നം. കത്ത്.

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തിൽ വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നതിന് 2235-02-103-68-02-34-03 പ്ലാൻ ശീർഷകത്തിൽ നിന്നും 30,00,000/-(മുപ്പത് ലക്ഷം രൂപ മാത്രം) രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 2025-26 വർഷത്തെ അന്താരാഷ്ട്ര വനിത ദിനാചരണ പരിപാടിയുടെ ഭാഗമായി 2026 മാർച്ച് 8 ന് തിരുവനന്തപുരം ജവഹർ സഹകരണ ഹാളിൽ വെച്ച് അന്താരാഷ്ട്ര വനിത ദിന സംസ്ഥാന തല പരിപാടി സംഘടിപ്പിച്ച വകയിൽ ആർച്ച്, Standees LED WALL വിഐപി ചെയർ, സ്റ്റേജ് അറേഞ്ച്മെന്റ്, സ്റ്റേജ് റിഫ്രഷ്മെന്റ് പിഎ സിസ്റ്റം, ഫോട്ടോഗ്രഫി & വീഡിയോ തുടങ്ങിയ ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിയ വകയിൽ സിഡിറ്റിനു 2,55,518/-രൂപയും ജവഹർ സഹകരണ ഭവൻ എംപ്ലോയീസ് വെൽഫയർ സൊസൈറ്റിക്ക് ഹാൾ വാടകയും fuel ചാർജ്ജ് ഉൾപ്പെടെ 45000/- രൂപയും ടി പരിപാടിയിൽ ലഘു ഭക്ഷണം വിതരണം ചെയ്ത വകയിൽ പ്രത്യാശ കാറ്ററിംഗ് സർവ്വീസ്, പനയപ്പിള്ളി നാലാഞ്ചിറക്ക് 9,000/- രൂപയും, സ്റ്റേഷനറി(പേപ്പർ) വാങ്ങിയ വകയിൽ സാമൂഹ്യ നീതി വനിത ശിശു വികസന വകുപ്പ് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 540/- രൂപയും ഉൾപ്പെടെ ആകെ 3,10,058/- രൂപ 2235-02-103-68-02-34-03 പ്ലാൻ ശീർഷകത്തിൽ നിന്നും തുക ബില്ല് ശീർഷകത്തിൽ മാറുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നെങ്കിലും, പ്രസ്തുത തുക ട്രഷറി വഴി മാറി നല്കുന്നതിന് സാധിച്ചില്ല എന്നും മേൽ

സാഹചര്യത്തിൽ, 2025-26 സാമ്പത്തിക വർഷത്തിലെ അന്താരാഷ്ട്ര വനിത ദിനം സംസ്ഥാന തല പരിപാടി സംഘടിപ്പിച്ച വകയിൽ മാറി നൽകുവാൻ സാധിക്കാതിരുന്ന 3,10,058/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-02-34-03 പ്ലാൻ ശീർഷകത്തിൽ നിന്നും മാറി നല്കുന്നതിന് അനുമതി നൽകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷത്തിലെ അന്താരാഷ്ട്ര വനിത ദിനം സംസ്ഥാന തല പരിപാടി സംഘടിപ്പിച്ച വകയിൽ മാറി നൽകുവാൻ സാധിക്കാതിരുന്ന 3,10,058/-(മൂന്നു ലക്ഷത്തി പതിനായിരത്തി അമ്പത്തിയെട്ട് രൂപ മാത്രം) രൂപ 2026-27 സാമ്പത്തിക വർഷത്തെ 2235-02-103-68-02-34-03 പ്ലാൻ ശീർഷകത്തിൽ നിന്നും മാറി നല്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം. അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
Date: 03-06-2026 10:58:36
സെക്ഷൻ ഓഫീസർ